(സി) ഇല്ല.

17 (*343) ജലസേചന പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപടി

ശ്രീ. എം. ദാസൻ :
ശ്രീ. ജി. സുധാകരൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങൾ പഴക്കമുള്ള ജലസേചന പദ്ധതികൾ ഇപ്പോഴും പൂർത്തിയാകാതെ നീണ്ടുപോകുന്നതുമൂലം കോടിക്കണക്കിന് രൂപയുടെ നഷ്ടം സംസ്ഥാന സർക്കാരിന് ഉണ്ടാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഒഴിവാക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പണി പൂർത്തിയാക്കിയ ജലസേചന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും പുതിയ ജലസേചന പദ്ധതികൾ ഈ സർക്കാർ വന്നതിനുശേഷം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇവ ഏതൊക്കെ എന്നും ഇവയുടെ പ്രവർത്തനപുരോഗതി എന്തെന്നും വ്യക്തമാക്കുമോ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) :

(എ) ഉണ്ട്. പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി കേന്ദ്രഗവണ്മെന്റ്, 'നബാർഡ്' എന്നിവിടങ്ങളിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ പദ്ധതികളുടെ പ്രവർത്തനപുരോഗതി വിലയിരുത്തി ആവശ്യാനുസരണം ഫണ്ട് ലഭ്യമാക്കി നിർദ്ദിഷ്ട കാലയളവിൽത്തന്നെ പണികൾ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഇടത്തരം മേഖലയിൽ കണക്കൻകടവ് ബ്രിഡ്ജ് കം റഗുലേറ്ററിന്റെ പ്രധാന പണികൾ പൂർത്തീകരിച്ച് 30.5.99 ൽ ഗതാഗതത്തിനു തുറന്നു കൊടുക്കുകയുണ്ടായി. പഴശ്ശി പദ്ധതിയും, കാത്തിരുപ്പുഴ പദ്ധതിയും മാർച്ച് 2000-മാണ്ടിൽ കമ്മീഷൻ ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബാണാസുരസാഗർ, തൃത്താലയിലെ റഗുലേറ്റർ കം ബ്രിഡ്ജ്, എന്നീ പുതിയ പദ്ധതികളുടെ പണികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ പണി മുടങ്ങിക്കിടന്നിരുന്ന അട്ടപ്പാടി നദീതട പദ്ധതി പുനരാരംഭിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചമ്രവട്ടം റഗുലേറ്റർ കം ബ്രിഡ്ജിന്റെ പണി അടിയന്തിരമായി തുടങ്ങുന്നതിനുള്ള പ്രാരംഭപ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly